പത്തനംതിട്ടയിൽ ജനനം

പത്തനംതിട്ട ജില്ലയിലെ അടൂരിൽ മാധവൻ ഉണ്ണിത്താൻെറയും മൗട്ടത്ത് ഗൗരി കുഞ്ഞമ്മയുടെയും മകനായി 1941 ജൂലൈ മൂന്നിനായിരുന്നു ജനനം. 1960ൽ ഗാന്ധിഗ്രാം റൂറൽ യൂനിവേഴ്സിറ്റിയിൽ നിന്നും ബിരുദം നേടിയശേഷം തമിഴ്നാട് ഡിണ്ടിഗലിൽ നാഷനൽ സാമ്പിൾ സർവേയിൽ ഇൻവെസ്റ്റിഗേറ്ററായി. തുടർന്ന് ജോലി രാജിവെച്ച് പുണെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. കോഴ്സിന്റെ ഭാഗമായി 1965ൽ ചെയ്ത ദി ലൈറ്റ്, എ ഗ്രേറ്റ് ഡേ എന്നീ ഹ്രസ്വസിനിമകളായിരുന്നു ആദ്യത്തെ ചുവടുവെപ്പ്. രാജ്യാന്തര അംഗീകാരം നേടിയ 'ദി മിത്ത്' (1967) എന്ന ഹ്രസ്വചിത്രമായിരുന്നു അടുത്തത്.

സ്വർണ വില 1,06,800

MAJESTIC JEWELLERS
Gold ◆ Diamond ◆ Silver
Tirur
Ph:9961 3000 31
ALL SUNDAY OPEN

ലഹരിക്കെതിരെ ജനകീയ പ്രതിരോധം ശക്തമാക്കണം -ജില്ല കലക്ടർ

» ജില്ല ഭരണകൂടം ബോധവത്കരണ പരിശീലനം സംഘടിപ്പിച്ചു

മലപ്പുറം: ലഹരി ഉപയോഗം തടയുന്നതിൽ സർക്കാർ വകുപ്പുകൾക്കൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ പ്രവർത്തകരും നിർണായക പങ്ക് വഹിക്കണമെന്ന് ജില്ല കലക്ടർ ഡോ. വിനയ് ഗോയൽ. സാമൂഹികനീതി വകുപ്പ് നശാ മുക്ത് ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി ജില്ല ഭരണകൂടത്തിന്റെയും കുടുംബശ്രീ മിഷന്റെയും സംയുക്താഭിമുഖ്യത്തിൽ സി.ഡി.എസ് അംഗങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ക്ഷേമകാര്യ സ്ഥിരംസമിതി അധ്യക്ഷർക്കുമായി 'ലഹരി ഉപയോഗം പ്രതിരോധവും സമൂഹത്തിന്റെ ഉത്തരവാദിത്വവും' വിഷയത്തിൽ നടത്തിയ ബോധവത്കരണ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു കലക്ടർ.

സിവിൽ സ്റ്റേഷനിലെ മിനി പ്ലാനിങ് ഹാളിൽ നടന്ന പരിപാടിയിൽ ജില്ല സാമൂഹികനീതി ഓഫിസർ സമീർ മച്ചിങ്ങൽ അധ്യക്ഷത വഹിച്ചു.

ജില്ല പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരംസമിതി ചെയർപേഴ്സൻ ആലിപ്പറ്റ ജമീല ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. റഹീമുദ്ദീൻ ക്ലാസെടുത്തു. എക്സൈസ് വകുപ്പിന്റെയും വിമുക്തിയുടെയും പ്രവർത്തനങ്ങൾ അസി. എക്സൈസ് ഇൻസ്പെക്ടർ ബിജു വിശദീകരിച്ചു. നാർക്കോട്ടിക്സ് ഡിവൈ.എസ്.പി എൻ. ഒ. സിബി, കുടുംബശ്രീ ജില്ലാ മിഷൻ കോഓഡിനേറ്റർ ബി. സുരേഷ്കുമാർ, ഡെപ്യൂട്ടി ഡി.എം.ഒ ഡോ. എ. ഷിബുലാൽ, മനോജ് മേനോൻ, കുടുംബശ്രീ പ്രോഗ്രാം മാനേജർ അലീന എന്നിവർ പങ്കെടുത്തു.

മുസ്‌ലിം ലീഗ് ജില്ല മൺസൂൺ ക്യാമ്പുകളുടെ ഉദ്ഘാടനം കോലിക്കരയിൽ ജില്ല പ്രസിഡന്റ് പാണക്കാട് അബ്ബാസലി തങ്ങൾ നിർവഹിക്കുന്നു

മുസ്‌ലിം ലീഗ് മൺസൂൺ ക്യാമ്പിന് തുടക്കം

ചങ്ങരംകുളം: മുസ്‌ലിം ലീഗ് ജില്ല കമ്മിറ്റി നടപ്പാക്കുന്ന മൺസൂൺ ക്യാമ്പുകൾക്ക് ആലങ്കോട് പഞ്ചായത്തിൽ തുടക്കമായി. കോലിക്കര ബാമാസ് ഓഡിറ്റോറിയത്തിൽ നടന്ന ക്യാമ്പ് ലീഗ് ജില്ല പ്രസിഡന്റ് പാണക്കാട് അബ്ബാസലി തങ്ങൾ ഉദ്ഘാടനം ചെയ്തു. എം.കെ. അൻവർ അധ്യക്ഷത വഹിച്ചു. ജില്ല ലീഗ് ജനറൽ സെക്രട്ടറി പി. ഹമീദ് മാസ്റ്റർ മുഖ്യപ്രഭാഷണം നടത്തി. ട്രഷറർ അഷ്റഫ് കോക്കൂർ, ഇസ്മായിൽ മുത്തേടം, പി.എസ്.എച്ച്. തങ്ങൾ, എം.കെ. ബാവ, ഉമ്മർ അറക്കൽ, പി. സൈതലവി മാസ്റ്റർ, ഇബ്രാഹീം മുതൂർ, സലീം കരവമ്പലം, അഡ്വ. പി.പി. ഹാരിഫ്, നൗഷാദ് മണ്ണിശേരി, അബ്ദുല്ല വാവൂർ, ടി.പി. ഹൈദരലി, പി.പി. യൂസഫലി, ഷമീർ ഇടിയാട്ടയിൽ, വി.വി. ഹമീദ്, അഷ്ഹർ പെരുമുക്ക്, കബീർ മുതുപറമ്പ്, ഫർഹാൻ ബിയ്യം, വി. മുഹമ്മദുണ്ണി ഹാജി, ടി.കെ. അബ്ദുൽ റഷീദ്, ബശീർ കക്കിടിക്കൽ, ഷാനവാസ് വട്ടത്തൂർ, വി.പി. ഹസ്സൻ, യു. മുനീബ്, സുബൈർ കൊട്ടിലിങ്ങൻ, ടി.കെ. അബ്ദുൽ ഗഫൂർ, ഉമ്മർ തലാപ്പിൽ, ഉസ്മാൻ പന്താവൂർ എന്നിവർ സംസാരിച്ചു. ആഗസ്റ്റ് 15നുള്ളിൽ ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മൺസൂൺ ക്യാമ്പ് നടക്കും.

ഐ.ടി.ഐ പ്രവേശനത്തിന് അപേക്ഷിക്കാം

മലപ്പുറം: അരീക്കോട് ഗവ. ഐ.ടി.ഐ, പുഴക്കാട്ടിരി ഗവ. ഐ.ടി.ഐ, നിലമ്പൂർ ഗവ. ഐ.ടി.ഐ എന്നിവിടങ്ങളിൽ പ്രവേശനത്തിന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. ജൂലൈ ആറിനകം https://itiadmissions.kerala.gov.in എന്ന പോർട്ടൽ വഴി അപേക്ഷിക്കണം. ഓൺലൈനായി അപേക്ഷിച്ചശേഷം സമീപത്തെ സർക്കാർ ഐ.ടി.ഐകളിൽ അസ്സൽ രേഖകളുമായി നേരിട്ടെത്തി ജൂലൈ ഒമ്പതിനകം വെരിഫിക്കേഷൻ പൂർത്തിയാക്കണം. ഫോൺ: 04832 850238, 04933 254088, 04931 222932.

ഡി.എൽ.എഡ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

മലപ്പുറം: 2026-28 വർഷത്തെ ഗവണ്മെന്റ്/എയ്ഡഡ് മേഖലയിലേക്കുള്ള ഡി.എൽ.എഡ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അഭിമുഖം ജൂലൈ ഏഴിന് രാവിലെ ഒമ്പത് മുതൽ മലപ്പുറം ഗവ. ടി.ടി.ഐയിൽ നടക്കും. വിശദ വിവരങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ddemlpm.blogspot.com ബ്ലോഗിൽ ലഭ്യമാണ്.

പട്ടികജാതി യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം

മലപ്പുറം: പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയിലേക്ക് ജില്ല പട്ടികജാതി വികസന ഓഫിസ് അപേക്ഷ ക്ഷണിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയറിങ് വിഭാഗം, ആശുപത്രികൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവടങ്ങളിലാണ് രണ്ടു വർഷത്തേക്ക് പ്രവൃത്തിപരിചയം നൽകുന്നത്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രതിമാസ സ്റ്റൈപന്റ് ലഭിക്കും. ബി.എസ്.സി നഴ്സിങ്, ജനറൽ നഴ്സിങ്, പാരാമെഡിക്കൽ യോഗ്യതകൾ, ബി.ടെക് സിവിൽ / ഇലക്ട്രിക്കൽ എൻജിനിയറിങ്, പോളി ടെക്നിക് സിവിൽ/ഇലക്ട്രിക്കൽ, ഐ.ടി.ഐ (സിവിൽ), സ്റ്റനോഗ്രഫി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തുടങ്ങിയ യോഗ്യതകൾ ഉള്ളവർക്ക് അപേക്ഷിക്കാം. പൂരിപ്പിച്ച അപേക്ഷകൾ ജൂലൈ 22നകം ജില്ല പട്ടികജാതി വികസന ഓഫിസിൽ ലഭ്യമാക്കണം. ഫോൺ: 0483-2734901.

എം.ഡി.എം.എയുമായി മൂന്നുപേർ പിടിയിൽ

പൂക്കോട്ടുംപാടം: ബംഗളൂരുവിൽ നിന്ന് കേരളത്തിലേക്ക് മാരക രാസലഹരിയായ എം.ഡി.എം.എ കടത്തുന്ന സംഘത്തിലെ മൂന്ന് പേരെ പൊലീസ് പിടികൂടി.

സിറാജ്, റാഷിദ്, മിഖായേൽ

മമ്പാട് സ്വദേശി തണ്ടിലാൻ സിറാജ് (33), കരിപ്പൂർ കൈതക്കോട് സ്വദേശി മേൽവിലാക്കൽ മുഹമ്മദ് റാഷിദ് (29), പുൽപ്പറ്റ കുഴിയംപറമ്പ് സ്വദേശി കുറ്റിക്കാട്ടിൽ മിഖായേൽ (24) എന്നിവരെയാണ് നിലമ്പൂർ എസ്.ഐ വിഷ്ണു അറസ്റ്റ് ചെയ്തത്.

നിലമ്പൂർ ഡിവൈ.എസ്.പി വി. കെ. വിശ്വംഭരൻ നായർക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ അമര മ്പലം സൗത്തിൽ നടത്തിയ പരിശോധനയിലാണ് കാർ സഹിതം സംഘം പിടിയിലായത്. പ്രതികളിൽ നിന്ന് 35,000 രൂപ, ഒരു എയർ ഗൺ, ലഹരിമരുന്ന് അളക്കാൻ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ത്രാസ് എന്നിവയും പൊലീസ് കണ്ടെടുത്തു. ഡാൻസാഫ് അംഗങ്ങളായ സുനിൽ മമ്പാട്, അഭിലാഷ് കൈപ്പിനി, കെ.ടി. ആഷിഫ് അലി, ടി. നിബിൻദാസ്, ജിയോ ജേക്കബ്, പി. സജീഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ വലയിലാക്കിയത്. പ്രതികളെ നിലമ്പൂർ കോടതിയിൽ ഹാജരാക്കി.

എൻ.സി.പി (ശരത് പവാർ) ജില്ല പ്രവർത്തക കൺവെൻഷൻ

മലപ്പുറം: എൻ.സി.പി (ശരത് പവാർ) ജില്ല കൺവെൻഷനും സംസ്ഥാന പ്രസിഡന്റായി ചുമതലയേറ്റ അഡ്വ. പി.എം. സുരേഷ് ബാബുവിന് സ്വീകരണവും നൽകി. ദേശീയ വർക്കിങ് പ്രസിഡന്റ് പി.സി. ചാക്കോ ഉദ്ഘാടനം ചെയ്തു. ജില്ല പ്രസിഡന്റ് ഹംസ പാലൂർ അധ്യക്ഷത വഹിച്ചു. ദേശീയ നേതൃത്വത്തെ അംഗീകരിക്കാതെ പാർട്ടിയിൽനിന്ന് പുറത്തുപോയവർ പാർട്ടിയുടെ പേരും പാതാകയും ഉപയോഗിക്കുന്നത് നിയമ വിരുദ്ധമാണെന്ന് പി. സി. ചാക്കോ പറഞ്ഞു. സംസ്ഥാന ജനറൽ സെക്രട്ടറിമാരായ പി. വി. അജ്മൽ, വി.ജി. രവീന്ദ്രൻ, പി. പി. രാമകൃഷ്ണൻ, കെ.ടി. മുജീബ്, പി. അഡ്വ. മോഹൻദാസ്, പാറപ്പുറത്ത് കുഞ്ഞുട്ടി, ടി.പി. വിജയൻ, സി.പി. വാപ്പുട്ടി, കെ.വി. ദാസ്, കെ. മധുസൂദനൻ, മുഹമ്മദ് പുലിയോടൻ ഷെബിൻ തൂത, മുഹമ്മദലി ശിഹാബ് എടച്ചലം കാദർ, മരക്കാരുട്ടി, ഗിരീഷ് എന്നിവർ സംസാരിച്ചു.

പന്തല്ലൂരിൽ വീട് കുത്തിത്തുറന്ന് 22 പവൻ കവർന്ന കേസിൽ പ്രതി പിടിയിൽ

അബ്ദുൽ റഷീദ്

പാണ്ടിക്കാട്: പന്തല്ലൂരിൽ വീടിന്റെ വാതിൽ കുത്തിത്തുറന്ന് കിടപ്പുമുറിയിൽനിന്ന് 22 പവൻ സ്വർണാഭരണം കവർന്ന കേസിൽ പ്രതി പിടിയിൽ. എടവണ്ണ ഒതായിയിലെ പെരുമണ്ണ വേരുപാലം സ്വദേശി വെള്ളാട്ടുചാല വീട്ടിൽ അബ്ദുൽ റഷിദാണ് (51) പിടിയിലായത്. പന്തല്ലൂർ കടമ്പോട് ജി.എൽ.പി സ്കൂളിന് സമീപം എസ്.എൻ സദനിലെ വി.കെ. ശ്രീധരന്റെ വീട്ടിൽ നിന്ന് 24 ലക്ഷം രൂപ വിലവരുന്ന സ്വർണാഭരണങ്ങൾ മോഷ്ടിച്ച കേസിലാണ് ഇയാൾ അറസ്റ്റിലായത്. പാണ്ടിക്കാട് പൊലീസ് അറസ്റ്റ് ചെയ്ത പ്രതിയെ പെരിന്തൽമണ്ണ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. ഊട്ടിയിൽ കുടുംബസമേതം താമസിക്കുന്ന പ്രതി നാട്ടിലെത്തി മോഷണങ്ങൾ നടത്തി ഊട്ടിയിലേക്ക് തിരിച്ചുപോകാറാണെന്ന് പൊലീസ് പറഞ്ഞു. കഴിഞ്ഞ ജൂൺ അഞ്ചിന് ശ്രീധരനും ഭാര്യയും മകളുടെ വീട്ടിൽ താമസിക്കുന്ന സമയത്താണ് കവർച്ച. ഫോൺ കോളുകളും സി.സി.ടി.വി ദൃശ്യങ്ങളും കേന്ദ്രീകരിച്ചായിരുന്നു ആദ്യം പൊലീസ് അന്വേഷണം. പിന്നീട് സമാനരീതിയിലുള്ള മോഷണങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയതിൽനിന്നാണ് അബ്ദുൽ റഷീദിലേക്ക് എത്തിയത്. കഴിഞ്ഞദിവസം കാളികാവിൽനിന്നാണ് ഇയാളെ പൊലീസ് പിടികൂടിയത്. പ്രതി പന്തല്ലൂരിലെത്താൻ ഉപയോഗിച്ച ബൈക്ക് വണ്ടൂരിൽ നിന്ന് കസ്റ്റഡിയിലെടുത്തു. മോഷണത്തിനായി ഉപയോഗിച്ച ആയുധങ്ങൾ പന്തല്ലൂരിലെ കുറ്റിക്കാട്ടിൽ വലിച്ചെറിഞ്ഞതും കണ്ടെടുത്തിട്ടുണ്ട്. പ്രതിയുടെ പേരിൽ മോഷണങ്ങൾ ഉൾപ്പടെ 42 കേസുകളുണ്ടെന്ന് പൊലീസ് പറഞ്ഞു.

പാണ്ടിക്കാട് സ്റ്റേഷൻ എസ് ഓഫിസർ സി. പ്രകാശന്റെ നേതൃത്വത്തിൽ എസ്.ഐ വി. മൻസൂർ, എ.എസ്.ഐ അനൂപ് കുമാർ, എസ്.സി.പി.ഒമാരായ റാഷിദ്, ഹാരിസ് ആലുംതറയിൽ, വിമൽ കുമാർ, ഡാൻസാഫ് സ്ക്വാഡ് അംഗം പ്രശാന്ത് എന്നിവരടങ്ങിയ പൊലീസ് സംഘമാണ് പ്രതിയെ പിടികൂടിയത്.

പി.എം ശ്രീ പദ്ധതിക്കെതിരെ എ.ഐ.വൈ.എഫ് -എ.ഐ.എസ്.എഫ് മാർച്ച്

മലപ്പുറം: പി.എം ശ്രീ വിഷയത്തിൽ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ നിലപാട് വ്യക്തമാക്കണമെന്ന് എ.ഐ.വൈ.എഫ് സംസ്ഥാന പ്രസിഡന്റ് കെ. ഷാജഹാൻ. വിദ്യാഭ്യാസ മേഖലയെ കാവിവത്കരിക്കുന്ന പി.എം ശ്രീ പദ്ധതി കേരളത്തിൽ നടപ്പാക്കാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ച് എ.ഐ.വൈ.എഫ്-എ.ഐ.എസ്.എഫ് ജില്ല കമ്മിറ്റികളുടെ നേതൃത്വത്തിൽ മലപ്പുറം ഡി.ഡി.ഇ ഓഫിസിലേക്ക് നടന്ന മാർച്ചും ധർണയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പി.എം.ശ്രീ പദ്ധതി നടപ്പാക്കാനുള്ള നീക്കത്തിൽ പ്രതിഷേധിച്ച് മലപ്പുറം ഡി.ഡി.ഇ ഓഫിസിലേക്ക് മാർച്ച് നടത്തിയ എ.ഐ.വൈ.എഫ്, എ.ഐ.എസ്.എഫ് പ്രവർത്തകരെ പൊലീസ് അറസ്റ്റുചെയ്ത് നീക്കുന്നു

കെ.എം. ഷാജിയും എൻ. ഷംസുദ്ദീനും ബി.ജെ.പി മന്ത്രിസഭയിലെ അംഗങ്ങളെപോലെയാണ് പെരുമാറുന്നത്. ജനങ്ങളെ കബളിപ്പിച്ച മുസ്‌ലിം ലീഗ് ഇക്കാര്യത്തിൽ മറുപടി പറയണമെന്നും അദ്ദേഹം പറഞ്ഞു.

എ.ഐ.വൈ.എഫ് ജില്ല പ്രസിഡന്റ് ഇ.വി. അനീഷ് അധ്യക്ഷത വഹിച്ചു. അഡ്വ. കെ.കെ. സമദ്, രജനി മനോജ്, യൂസുഫ് കലയത്ത്, കെ.വി. നാസർ, അഡ്വ. അനുമുസ്ലഫ എന്നിവർ സംസാരിച്ചു. എ.ഐ.വൈ.എഫ് ജില്ല സെക്രട്ടറി അഡ്വ. ഷഫീർ കിഴിശ്ശേരി സ്വാഗതവും കെ.പി. നിയാസ് നന്ദിയും പറഞ്ഞു. മാർച്ച് പൊലീസ് തടഞ്ഞ് പ്രവർത്തകരെ അറസ്റ്റ് ചെയ്തു നീക്കി.

തിരുമാന്ധാംകുന്ന് ക്ഷേത്രം: കോടതി നിർദേശം നടപ്പാക്കാനുള്ള സമയം നീട്ടി

അങ്ങാടിപ്പുറം: തിരുമാന്ധാംകുന്ന് ക്ഷേത്ര ഭരണം സംബന്ധിച്ച് ഹൈകോടതി ദേവസ്വം ഡിവിഷൻ ബഞ്ചിന്റെ ജൂൺ 26ലെ വിധിയിൽ ക്ഷേത്രഭരണം പാരമ്പര്യ ട്രസ്റ്റിക്ക് ഏൽപ്പിച്ചുകൊടുക്കാനുള്ള നിർദേശം നടപ്പാക്കുന്നതിനുള്ള സമയപരിധി നീട്ടി. ഇതിനുള്ള സമയം രണ്ടുമാസവും ക്ഷേത്ര ഭരണത്തിനായി ഭരണ പദ്ധതി പുതുക്കുന്നത് ഉൾപ്പെടെയുള്ള നിർദേശങ്ങൾ നടപ്പാക്കുന്നതിന്റെ സമയപരിധി ഒമ്പതു മാസവുമാണ് ദീർഘിപ്പിച്ച് ഇടക്കാല ഉത്തരവായത് എന്ന് മലബാർ ദേവസ്വം അധികൃതർ അറിയിച്ചു. ദേവസ്വം സ്റ്റാൻഡിങ് കൗൺസലും സീനിയർ അഡ്വക്കറ്റുമായ ആർ. ലക്ഷ്മി നാരായണൻ മുഖേന മലബാർ ദേവസ്വം ബോർഡ് കമീഷണർ സമർപ്പിച്ച ഹരജിയിലാണ് ജൂൺ 30ന് ദേവസ്വം ബോർഡിന് അനുകൂലമായി ഡിവിഷൻ ബെഞ്ച് അപ്പീൽ അനുവദിച്ചത്. ഹൈകോടതി ഡിവിഷൻ ബഞ്ചിന്റെ വിധി ന്യായത്തിനെതിരെ മലബാർ ദേവസ്വം ബോർഡ് സുപ്രീംകോടതി മുമ്പാകെ പ്രത്യേക അനുമതി ഹർജി സമർപ്പിച്ചിട്ടുണ്ട്.

നമ്പർ-സി 157/25ഡിടിപിസി 2/7/2026

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മലപ്പുറം

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾ നടത്തിക്കൊണ്ടുപോവുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചു. കോട്ടക്കുന്ന് ഫുഡ്സ്ട്രീറ്റ്, ഉണർവ് 1,2 ബങ്കുകൾ, കോട്ടക്കുന്ന് ടേക്ക് എ ബ്രേക്ക് അമിനിറ്റി സെന്റർ

അവസാന തീയ്യതി 2026 ജൂലൈ 20. വിശദാംശങ്ങൾ www.malappuramtourism.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഡിടിപിസി ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ-0483 2731504

(ഒപ്പ്) സെക്രട്ടറി

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ദർഘാസ് പരസ്യം

എക്സിക്യൂട്ടീവ് എൻജിനീയർ കാര്യാലയം ഇലക്ട്രിക്കൽ ഡിവിഷൻ, പുനലൂർ, കൊല്ലം
ഇ-ടെൻഡർ ID: 2026_KSEB_858008_1 അടങ്കൽ തുക: 79,42,942/- രൂപ അവസാന തീയതി: 16.07.2026 05.00 PM

ദർഘാസ് ദീർഘിപ്പിക്കൽ പരസ്യം
ചീഫ് എഞ്ചിനീയറുടെ കാര്യാലയം, (ട്രാൻസ്മിഷൻ നോർത്ത്), കോഴിക്കോട്.
ഇ-ടെൻഡർ ID: 2026_KSEB_858071_1 അടങ്കൽ തുക: 96,83,000/- രൂപ അവസാന തീയതി: 17.07.2026 04.00 PM
ദർഘാസ് പ്രമാണങ്ങൾക്ക് www.etenders.kerala.gov.in വിശദ വിവരങ്ങൾക്ക് www.kseb.in
PR/MC1/D257/ E-TENDER /2026

പഞ്ചാബ് നാഷണൽ ബാങ്ക് punjab national bank ...the name you can BANK upon!

അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
ശതാബ്ദി ഭവൻ, മിനി ബൈപാസ് റോഡ്,
ഗോവിന്ദപുരം, കോഴിക്കോട് – 673016, E-mail: cs8269@pnb.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 8 (6) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ– ലേല വിൽപന നോട്ടീസ്.
താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂരിറ്റി ക്രെഡിറ്റേഴ്സിന്റെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പ്രതീകാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചു കൊള്ളുന്നു. കൂടുതൽ വിലയും നിരതദ്രവ്യ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ലോട്ട് നം.	ശാഖയുടെ പേര്/അക്കൗണ്ടിന്റെ പേര് / വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി ഡി) കൈവശമെടുത്ത രീതി പ്രതീകാത്മക/ പ്രത്യക്ഷമായി/ക്രിയാത്മകമായി	(എ) കരുതൽ വില (ബി) നിരതദ്രവ്യം (സി) ലേല വർദ്ധന തുക (ലക്ഷം)
1	ശാഖ: ARMB കോഴിക്കോട് ശ്രീ. ഫൈസൽ കെ. കെ, (1) ശ്രീ. ഫൈസൽ കെ. കെ, S/o മുഹമ്മദ് അലി, (2) ശ്രീമതി ബുഷറ W/o ഫൈസൽ കെ.കെ (3) ശ്രീ. ഫാഹിദ് കെ. കെ, S/o മുഹമ്മദ് അലി, എല്ലാവരുടെയും വിലാസം: കാഞ്ഞിരക്കോടൻ ഹൗസ്, പാലത്തിങ്കൽ, ഉള്ളണം, പരപ്പനങ്ങാടി,- 676303	മലപ്പുറം ജില്ലയിൽ, തിരൂരങ്ങാടി താലൂക്കിൽ, ഉള്ളണം ദേശം & അംശത്ത് നെടുവ വില്ലേജിൽ റീ സർവ്വേ നം.303/1 ൽ പെട്ട ശ്രീ.കെ. കെ.ഫൈസൽ & ശ്രീമതി.ബുഷറ എന്നിവരുടെ പേരിലുള്ള **5 സെന്റ് (2.025 ആർസ്)** സ്ഥലവും കെട്ടിടവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** തന്നിലെ പറമ്പ് ബാക്കി ഉള്ളത്; **വടക്ക്:** കെട്ടന്തലക്കാട് പറമ്പ്, **പടിഞ്ഞാറ്:** തന്നിലെ പറമ്പ് തീറ് വിറ്റത്, **തെക്ക്:** തന്നിലെ പറമ്പ് ബാക്കി ഉള്ളത്.	(എ) 07-11-2025 (ബി)31-05-2026 ലെ രൂപ 26,55,980.19 യും 01-06-2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) 28-01-2026 (ഡി) പ്രതീകാത്മക കൈവശം	(എ) രൂപ 13.26 (ബി) രൂപ 1.326 (സി) രൂപ 0.10

സെക്യൂരൈഡ് ക്രെഡിറ്റഴ്സിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ: നിലവിൽ ഇല്ല

ഇ– ലേല തീയതിയും സമയവും: **04-08-2026**ന് രാവിലെ **11.00** മണി മുതൽ വൈകിട്ട് **5.00** മണി വരെ

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: **03-08-2026**

വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി **01-08-2026**

ഇ– ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും: വിൽപന, 2002ലെ സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (1) വസ്തുക്കളുടെ വിൽപന **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും. (2) മേൽപറഞ്ഞ വസ്തുക്കളിൽ വസ്തുക്കളുടെ വിശദാംശങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിത്തോളം ഉള്ള വിവരങ്ങളാണ്. എന്നാൽ ഈ നോട്ടീസിലെ ഏതെങ്കിലും തെറ്റുകൾ, തെറ്റായ പ്രസ്താവനകൾ എന്നിവയ്ക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കില്ല. (3) ഇ - ലേല വിൽപന ഓൺലൈൻ മുഖാന്തിരം **04-08-2026** രാവിലെ **11.00** മണിക്കും വൈകിട്ട് **05.00** മണിക്കും ഇടയിൽ **https:// www.baanknet.com** എന്ന പോർട്ടലിലൂടെ മാത്രമായിരിക്കും നടത്തപ്പെടുക. ലേല വിൽപനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https://www.baanknet.com & www.pnb.bank.in** എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

തീയതി: **18-06-2026**, സ്ഥലം: **കോഴിക്കോട്**

(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, സെക്യൂരഡ് ക്രെഡിറ്റർ

കനറാ ബാങ്ക് केनरा बैंक Canara Bank

**ക